"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കൊല്ലം ജില്ല സഹകരണ ആശുപത്രിയുടെ PSTSB അക്കൗണ്ടിൽ നിന്നും സർക്കാർ റെസ്യൂം ചെയ്ത തുക റി അലോക്കേറ്റ് ചെയ്യുന്നതിന് അനുമതി നൽകിയ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.515/2025/Co-Op തീയതി,തിരുവനന്തപുരം, 10-12-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം.290/2025/സഹ തീയതി 17/06/2025

2. സഹകരണ സംഘം രജിസ്ട്രാറുടെ 16/07/2025 ലെ ആർ.സി.എസ്/8234/25/P&M(B1) നം. കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ ക്യൂ.952 ന്, നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം, സംഘത്തിന്റെ പേരിൽ കൊല്ലം ജില്ല ട്രഷറിയിൽ ഉള്ള PSTSB 799012700001764 അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്ന തുകയിൽ നിന്ന് 20.03.2023 ന് 2075-00-911-94 എന്ന ശീർഷകത്തിലേക്ക് സർക്കാർ റസ്യൂം ചെയ്തിരുന്ന തുകയായ 6,45,000/- രൂപ, '6425-00-108-10 Loans to Cooperatives under NABARD RIDF (PV)' എന്ന ശീർഷകത്തിൽ നിന്നും റീ അലോക്കേറ്റ് ചെയ്തു നല്കുന്നതിന് പരാർമശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തുക 2025-2026 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള ഭരണാനുമതിയോ, തുക പിൻവലിച്ചു നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തി കൊണ്ടുള്ള റിലീസ് ഉത്തരവോ മേൽ പറഞ്ഞ ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ വ്യക്തത വരുത്തി നൽകണമെന്ന് പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ ക്യൂ.952 ന്, നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം സംഘത്തിന്റെ പേരിൽ കൊല്ലം ജില്ല ട്രഷറിയിൽ ഉള്ള PSTSB 799012700001764 അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്ന തുകയിൽ നിന്ന് 20.03.2023 ന് 2075-00-911-94 എന്ന ശീർഷകത്തിലേക്ക് സർക്കാർ റസ്യൂം ചെയ്ത തുകയായ 6,45,000/- രൂപ, '6425-00-108-10 Loans to Cooperatives

**under NABARD RIDF (PV)'** എന്ന ശീർഷകത്തിൽ നിന്നും റീ അലോക്കേറ്റ് ചെയ്തു നല്കുന്നതിന് അനുമതി നല്കിക്കൊണ്ട് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ "കൊല്ലം ജില്ലാ ട്രഷറിയിലുള്ള **PSTSB 799012700001764** അക്കൗണ്ടിൽ നിന്നും **20/03/2023** തീയതിയിൽ സർക്കാർ റെസ്യൂം ചെയ്ത തുകയായ **6,45,000/-** രൂപ **'6425-00-108-10 Loans to Cooperatives under NABARD RIDF (PV)'** എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ച് കൊല്ലം ജില്ലാ സഹകരണ ആശുപത്രി സംഘത്തിന്റെ **PSTSB** അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിക്കേണ്ടതാണ് " എന്ന് കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3)പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/194/2023/ധന)
വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/216/2024/സഹ).

ഉത്തരവിൻ പ്രകാരം
Signed by
Priyanka T V
Date: 10-12-2025 12:28:46

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.
സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.